ഓർമച്ചെപ്പ്
●
എൻ.എ.കെ ശിവപുരം



**ബഹിഷ്കരണം ഒരു നാട്ടിൽ വരുത്തിയ പരിവർത്തനം-2**

# മൂല്യക്കാരുടെ റോഡ്

**ഞങ്ങൾ വാരാന്ത യോഗങ്ങൾ ചേർന്നിരുന്നത് പലപ്പോഴും ആളൊഴിഞ്ഞ പ്രദേശത്ത് പല സ്ഥലത്തുമായിട്ടായിരുന്നു. സുരക്ഷിതമായ ഒരു സ്ഥലം ഞങ്ങൾക്കുണ്ടായിരുന്നില്ല. ഭയത്തോടുകൂടിയല്ലാതെ ഒരു യോഗവും നടന്നില്ല. യോഗം ആക്രമിക്കപ്പെടുമെന്ന് ഉറപ്പായാൽ ഞങ്ങൾ വേഗം സ്ഥലം വിടും.**

**കോഴിക്കോട്** ജില്ലയിലെ ഏറ്റവും നന്നായി നടക്കുന്ന ഒരു സ്ഥാപനമായിരുന്നു ബാലുശ്ശേരിക്കടുത്തുള്ള അറപ്പീടിക ബസാറിലെ ചന്ദ്രികാ ബീഡി ക്കമ്പനി. നിരവധി തൊഴിലാളികൾ ജോലിചെയ്തിരുന്ന ആ സ്ഥാപനം കമ്യൂണിസത്തിന്റെ പിടിയിൽ അമരുകയായിരുന്നു. തൊഴിലാളി വർഗത്തെ സംഘടിപ്പിക്കാനും അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാനും വേറെ ഒരു സംഘടനയും അന്നുണ്ടായിരുന്നില്ല. തൊഴിലാളികളിൽ 50 ശതമാനത്തിലധികവും മുസ്‌ലിംകളായിരുന്നു. അവരിൽതന്നെ അധികപേരും കമ്യൂണിസത്തോടും ബാക്കി കോൺഗ്രസ്, സോഷ്യലിസ്റ്റ്, ലീഗ് തുടങ്ങിയ പ്രസ്ഥാനങ്ങളോടും കൂറുപുലർത്തുന്നവരാണ്. പക്ഷേ, കമ്യൂണിസ്റ്റ് പ്രവർത്തനത്തിന് മുമ്പിൽ അവരെല്ലാം നിഷ്പ്രഭരായി.

ഒരാൾ രാവിലെ മുതൽ *ദേശാഭിമാനി* വായിച്ച് ചർച്ച തുടങ്ങും. ചോദ്യവും ഉത്തരവുമെല്ലാം അവിടെ നടക്കും. ആ വിഷയാവതാരകൻ അവിടുത്തെ ഒരു തൊഴിലാളിയാണ്. അയാൾക്കും ജീവിക്കണം. അയാൾ ഇടവേളയിൽ ബീഡി തെറുക്കും. വൈകുന്നേരമാവുമ്പോൾ പോരാതെ വരുന്ന കൂലി ശരാശരി കണ

ക്കാക്കി അനുകൂലികളിൽ അവർക്കു കിട്ടുന്ന കൂലിയിൽനിന്നും ഒരുമിച്ചു കൂട്ടി നൽകുകയാണ് പതിവ്.

സ്കൂൾ വിട്ട ശേഷവും സ്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ അധിക സമയവും ഞാൻ ബീഡിക്കമ്പനിയിൽ ചെലവഴിച്ചു. '55 ജനുവരി വരെ ഈ സന്ദർശനം തുടർന്നു. ഫലം അത്ഭുതകരമായിരുന്നു. കമ്പനിയിൽ ജോലി ചെയ്തിരുന്ന മലപ്പുറത്തെ ആലി സാഹിബും ചേളന്നൂരിലെ പുഞ്ചിരി അബ്ദുർറഹ്മാനും പൂനൂര് സ്വദേശികളായ വി.എം അഹമ്മദ്കുട്ടി, ടി.വി മുഹമ്മദ്, ശിവപുരത്തുകാരൻ വി. അബൂബക്കർ എന്നിവർ ഉൾപ്പെടെ ധാരാളം പേർ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അനുകൂലികളായി മാറി. എന്തിനേറെ പറയുന്നു, അൽപ കാലത്തിനുള്ളിൽ *ദേശാഭിമാനി*ക്കു പകരം *പ്രബോധനം* വായനയും ചർച്ചയും ആരംഭിച്ചു. മാത്രമല്ല മനുഷ്യന്റെ എക്കാലത്തുമുള്ള പ്രശ്നങ്ങൾക്ക് അവനെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ വശമല്ലാതെ പരിഹാരമില്ലെന്ന ദിശയിലേക്ക് ചർച്ച പുരോഗമിച്ചു.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ച കണ്ട് വിറളി പിടിച്ച യാഥാസ്ഥിതികത്വം അവസാന അടവുതന്നെ പ്രയോഗിക്കാൻ തീരുമാനിക്കുകയായിരുന്നു. യാതൊരുവിധ യാത്രാ സൗകര്യവുമില്ലാത്ത ശിവപുരത്തെ കപ്പുറം എന്ന കുഗ്രാമത്തിൽ 1955-ൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നേതൃത്വത്തിൽ സുന്നികളുടെ ഒരു മഹാസമ്മേളനം സംഘടിപ്പിക്കപ്പെട്ടു. യോഗത്തിൽ പാലങ്ങാട്ട് അബ്ദുർറഹ്മാൻ മുസ്‌ലിയാർ, കോട്ടുമല അബൂബക്കർ മുസ്‌ലിയാർ, മലയമ്മ അബൂബക്കർ മുസ്‌ലിയാർ, കുഞ്ഞിബ്റാഹീം മൗലവി, ഇ.കെ ഹസ്സൻ മുസ്‌ലിയാർ, കൂറ്റനാട് മുഹമ്മദ് മുസ്‌ലിയാർ തുടങ്ങിയ ഒട്ടേറെ സുന്നീ പണ്ഡിതന്മാർ സംബന്ധിച്ചിരുന്നു. നാട്ടിൽ പുതുതായി രൂപംകൊണ്ട 'മൗദൂദികളു'ടെ വിന അവസാനിപ്പിക്കുകയാണ് യോഗോദ്ദേശ്യം. ഇതിൽ നാട്ടിലും പുറത്തുമുള്ള അനവധി ഉമറാക്കളും സഹകരിച്ചിരുന്നു.

ഇശാഅ് നമസ്കാരത്തിന് ശേഷം തുടങ്ങിയ പ്രസംഗങ്ങൾക്കും ആക്ഷേപശകാരങ്ങൾക്കും ശേഷം രണ്ട് മണിയോടടുത്ത് സമസ്തയുടെ അന്നത്തെ സെക്രട്ടറിയാണെന്ന് തോന്നുന്നു, ഒരു പ്രമേയം സദസ്സിന് മുമ്പാകെ വെച്ചു. ഈമാൻ കാര്യം അഞ്ചാക്കി ചുരുക്കിയ (ഈമാൻ കാര്യം കട്ട), മറ്റു മുസ്‌ലിംകളൊക്കെ കാഫിറുകളാണെന്ന് പറയുന്ന, കിതാബും സുന്നത്തും അറിയാത്ത, സത്യദീൻ താറുമാറായിപ്പോയെന്ന് വിശ്വസിക്കുന്ന, ഇസ്‌ലാമികമായ ആ പഴഞ്ചൻ മാല പൊട്ടിച്ചെറിഞ്ഞ, മൗദൂദിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുക വഴി അതേ കുറ്റത്തിൽ പങ്കാളികളായ 'മൗദൂദികളെ' പൂർണമായി ബഹിഷ്കരിക്കണമെന്നായിരുന്നു പ്രമേയത്തിലുണ്ടായിരുന്നത്. പ്രമേയം ഏകകണ്ഠമായി പാസ്സാക്കിയതിന് ശേഷം തുടർനടപടിക്രമങ്ങളും പ്രഖ്യാപിച്ചു. അത് ഇങ്ങനെ സംഗ്രഹിക്കാം:

* മൗദൂദികളെ കണ്ടാൽ സലാം ചൊല്ലാൻ പാടില്ല; അവർ പറയുന്ന സലാം മടക്കാനും പാടില്ല.
* അവരോട് സംസാരിക്കരുത്.
* അവരെ തുടർന്ന് നമസ്കരിക്കരുത്.
* രോഗ സന്ദർശനം നടത്തരുത്.
* അവരുടെ മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കരുത്.
* അവരെ കല്യാണത്തിന് ക്ഷണിക്കുകയോ അവരുടെ കല്യാണത്തിന് പോവുകയോ അരുത്.
* അവരുമായി വിവാഹബന്ധം പാടില്ല.
* അവരെ കൂലിപ്പണിക്ക് വിളിക്കുകയോ അവർക്ക് പണിയെടുത്തു കൊടുക്കു

കയോ ചെയ്യരുത്.

* അവരെയോ അവരുടെ കുട്ടികളെയോ ദർസുകളിലോ മദ്റസകളിലോ ചേർത്ത് പഠിപ്പിക്കരുത്.

* അവരുമായി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കരുത്

തുടങ്ങി 14 ഇനങ്ങൾ അടങ്ങിയ ബഹിഷ്കരണ പദ്ധതിയാണ് പ്രഖ്യാപിച്ചത്. തക്ബീർ ധ്വനിയോടെ അത് സദസ്സ് അംഗീകരിച്ചു. നീണ്ട പ്രാർഥനയോടെ യോഗം പിരിഞ്ഞു. പ്രസ്ഥാന പ്രവർത്തകരും അനുഭാവികളിൽ ചിലരും ഇതൊക്കെ ശ്രദ്ധിച്ചുകൊണ്ട് ശിവപുരത്തെ 'ദാറുൽ അർഖമിൽ' ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു. അടുത്ത ദിവസം മുതൽ പ്രഖ്യാപനത്തിന്റെ ഫലം കണ്ടുതുടങ്ങി.

ഞങ്ങളിൽ എനിക്ക് മാത്രമാണ് ഒരു ജോലി ഉണ്ടായിരുന്നത് – സ്കൂൾ അധ്യാപകൻ. ടി.കെ കുഞ്ഞഹമ്മദ് മൗലവിയെ മദ്റസയിലെ അധ്യാപക സ്ഥാനത്ത് നിന്നും നാട്ടിൽ ദർസ് നടത്തുന്നതിൽ നിന്നും ഖത്വീബ് സ്ഥാനത്ത് നിന്നും പുറത്താക്കി. മറ്റുള്ളവരും ബഹിഷ്കൃതരായി. കണ്ടാൽ സലാമില്ല, മിണ്ടാട്ടമില്ല. രോഗ സന്ദർശനം, കല്യാണത്തിന് വിളി, പോക്ക് ഇവയൊന്നുമില്ല. ഞങ്ങളുടെ പണം പയറ്റിന് പണം തരാനുള്ളവരിൽനിന്നും തരാനുള്ള സംഖ്യ മാത്രം സ്വീകരിച്ച് ആ ലിസ്റ്റും പണവും ഒരാൾ വശം എത്തിക്കും. അന്നത്തെ വിശ്വാസദാർഢ്യം ഒന്നു വേറെത്തന്നെയായിരുന്നു. എന്തും സഹിക്കാനും നേരിടാനുമുള്ള മനസ്സ്!

ഈ പരീക്ഷണങ്ങൾ എങ്ങനെ തരണംചെയ്യുമെന്നായി ഞങ്ങളുടെ ആലോചന. നാട്ടിലെ ജനങ്ങൾ പ്രത്യേകിച്ച് മുസ്‌ലിംകൾ വിദ്യാവിഹീനരും ദരിദ്രരും ആയിരുന്നു. നാട്ടുനേതാക്കളിൽ പലർക്കും പൊതുവിജ്ഞാനം പോലും ഉണ്ടായിരുന്നില്ല. വർത്തമാന പത്രം വായിക്കുന്ന പതിവില്ല. അങ്ങനെയിരിക്കെ ഞങ്ങൾ ഒരു റിലീഫ് ഫണ്ടിന് രൂപംനൽകി. സ്വന്തം നാട്ടിൽനിന്ന് പ്രതീക്ഷയില്ലാത്തതു കൊണ്ട് അയൽപ്രദേശങ്ങളിലെ സ്കൂളിൽ ചെന്ന് സംഭാവനകൾ വാങ്ങി. അഞ്ച് സ്കൂളിൽനിന്ന് മിക്ക അധ്യാപകരും മാസത്തിൽ ഒരണ എന്ന കണക്കിൽ തന്നു ഞങ്ങളെ സഹായിച്ചു. (16 അണയാണ് അന്നത്തെ ഒരുറുപ്പിക) എല്ലാമാസവും ആ സ്കൂളുകളിൽ ചെന്നു ഞങ്ങൾ പിരിവു നടത്തി. റസീറ്റു പുസ്തകം വഴി വേറെയും സഹായം ലഭിച്ചുകൊണ്ടിരുന്നു. രോഗികളും നിർധനരുമായ മുസ്‌ലിം അമുസ്‌ലിം സഹോദരങ്ങളെയും പ്രത്യേകിച്ച് ദലിതുകളെയും ഗിരിജനങ്ങളെയും പരിചരിക്കുന്നതിനും സഹായിക്കുന്നതിനും പ്രവർത്തകർ തയാറായി.

നാട്ടിലെ ഒരു സ്കൂളിൽ ഞാൻ പഠിപ്പിച്ചിരുന്നതുകൊണ്ട് രണ്ടു മാർഗങ്ങളാണ് ഞങ്ങൾ സ്വീകരിച്ചത്. ദലിതുകളുടെ വീടുകളിലെ ചെറിയ കുട്ടികളെ സ്കൂളിൽ ചേർത്തു പഠിപ്പിക്കുക; മുതിർന്നവരെ വയോജന ക്ലാസുകൾ വഴിയും. ഇതായിരുന്നു പരിപാടി. മുതിർന്നവർക്കായി ക്ലാസുകൾ സംഘടിപ്പിക്കുമ്പോൾ വലിയ പ്രയാസമുണ്ടായിരുന്നില്ല. ആഴ്ചയിൽ മൂന്നു ദിവസം ഞാൻ ക്ലാസെടുത്തു. മൂന്നുനാലു മാസം കഴിഞ്ഞപ്പോൾ ഒരുവിധം വിജയിച്ചതായി കണ്ടു. കുട്ടികളുടെ കാര്യം അങ്ങനെ ആയിരുന്നില്ല. അവരെ സ്കൂളിൽ കിട്ടാൻ ദിവസവും കുന്നും മലയും കയറി ഇറങ്ങേണ്ടി വന്നു. അവസാനം അതും സഫലമായി. അങ്ങനെ എല്ലാ പാവപ്പെട്ടവരും ഞങ്ങളുടെ സേവനത്തിന്റെ ഫലങ്ങൾ ആസ്വദിച്ചുതുടങ്ങി. ഞങ്ങളെ ബഹിഷ്കരിച്ച സമുദായത്തിലെ ദരിദ്രരിൽ ഒട്ടേറെ വ്യക്തികളെ, ഞങ്ങൾ സ്വരൂപീകരിച്ച ഫണ്ടുപയോഗിച്ച് ചികിത്സിക്കുകയും സഹായിക്കുകയും ചെയ്തു. കാലം കുറച്ചു കഴിഞ്ഞപ്പോൾ ബഹിഷ്കരണവാദികളുടെ ബലം കുറഞ്ഞു. മാത്രമല്ല അവരുടെ നേതാക്കളെ പാവപ്പെട്ട ജനങ്ങൾ അനുസരിക്കാതെയായി. മുത്തവല്ലികളും അവരുടെ റാൻ മൂളികളും


മാത്രം അവശേഷിച്ചു.

ഒരിക്കൽ ഇമ്പിച്ചി മുഹമ്മദ് എന്നൊരാൾക്ക് (ഇയാൾ ദരിദ്രനും അതേയവസരം വലിയ പരോപകാരിയും ആയിരുന്നു) ടൈഫോയിഡ് ബാധിച്ചു. യാഥാസ്ഥിതിക കുടുംബവും അടുത്ത ബന്ധുക്കളും മന്ത്രവും നേർച്ചയും മൗലിദുകളുമെല്ലാം മുറപോലെ നടത്തി. പക്ഷേ രോഗം മൂർഛിച്ചുകൊണ്ടേയിരുന്നു. രോഗിയെ ചികിത്സിക്കാൻ നാട്ടിലൊന്നും ഡോക്ടർമാരില്ല. ഒരു ഡോക്ടറെ കൊണ്ടുവരാനുള്ള വഴിപോലും ഞങ്ങളുടെ നാട്ടിലുണ്ടായിരുന്നില്ല. വളരെ സാഹസപ്പെട്ട് അകലെനിന്നും ഒരു ഡോക്ടറെ കൊണ്ടുവന്ന് ഞങ്ങൾ ചികിത്സ നടത്തി. പക്ഷേ ഫലം കണ്ടില്ല. ഒടുവിൽ മൂന്നു നാഴിക ദൂരെയുള്ള ഒരു ആശുപത്രിയിൽ കൊണ്ടുപോകാൻ തീരുമാനിച്ചു. ഒരു മഞ്ചൽ സംഘടിപ്പിച്ചു. അതിൽ കിടത്തി ആശുപത്രി ലക്ഷ്യം വെച്ചുനടന്നു. വഴിയിൽ ഒരിടവക്കിൽ കൂടി പോയപ്പോൾ മഞ്ചൽ എടുത്തവരിൽ ഒരാൾ വഴുതിമറിഞ്ഞുപോയി. ഭാഗ്യത്തിന് രോഗിയും മഞ്ചലും എങ്ങനെയോ രക്ഷപ്പെട്ടു. മഞ്ചൽ നിലത്തുവെച്ചു. രോഗി അബോധാവസ്ഥയിൽ തന്നെയാണ്. രോഗി രക്ഷപ്പെടുകയില്ലെന്ന് തോന്നി. അങ്ങനെ അവിടെ വെച്ച് ഒരു പ്രതിജ്ഞ എടുത്തു. നാട്ടിൽനിന്ന് പുറം ദിക്കിലെത്താൻ വീതിയുള്ള നല്ലൊരു നടപ്പാതപോലും ഇല്ല. മേലിൽ ഈ അനുഭവം നാട്ടുകാർക്കുണ്ടാവരുത്. അതുകൊണ്ട് കപ്പുറം ഗ്രാമം വഴി കടന്നുപോകുന്ന ഒരു റോഡ് ഉണ്ടാവണം.

രോഗി മരണപ്പെട്ട് ഏതാനും ദിവസം കഴിഞ്ഞ് നാട്ടുകാരുടെ ഒരു യോഗം വിളിച്ചു. യോഗത്തിൽ റോഡിന്റെ പണി ആരംഭിക്കാൻ തീരുമാനമായി. നിരവധി വിഷമങ്ങൾ തരണം ചെയ്ത്, എണ്ണിയാലൊടുങ്ങാത്ത ത്യാഗങ്ങൾ സഹിച്ച് വിവിധ ഘട്ടങ്ങളിലായി മൂന്നു തവണ വീതികൂട്ടി, 35 കൊല്ലം കൊണ്ട് 8 മീറ്റർ വീതിയിൽ നാലുകിലോമീറ്റർ റോഡ് യാഥാർഥ്യമായി.

ജമാഅത്തുകാരെ ബഹിഷ്കരിക്കാൻ ഒരു വിഭാഗം തുനിഞ്ഞിറങ്ങിയതിന്റെ ഫലമായി ഉടലെടുത്തതാണ് സാധു സംരക്ഷണ ഫണ്ട്. അതിൽനിന്നാണ് റോഡ് നിർമാണ സമിതി ഉണ്ടായത്. ഇതിനെല്ലാം നേതൃത്വം കൊടുത്തതും കാര്യമായി പ്രവർത്തിച്ചതുമെല്ലാം ജമാഅത്ത് പ്രവർത്തകർ തന്നെയായിരുന്നു. പൊതു ആവശ്യമായതിനാൽ സാമാന്യ ജനങ്ങൾ അങ്ങേയറ്റം സഹകരിച്ചു. രാഷ്ട്രീയ പാർട്ടികൾക്കൊന്നിനും കുത്തകയില്ലാത്തതും അതേ സമയം എല്ലാ വിഭാഗത്തിന്റെയും സഹകരണം ലഭ്യമാക്കുന്നതുമായ ഒരു ശൈലിയാണ് ജമാഅത്ത് സ്വീകരിച്ചത്. ഇതുകൊണ്ടാണ് ചിലരുടെ എതിർപ്പുണ്ടായിട്ടും കാര്യങ്ങൾ ഭംഗിയായി കലാശിച്ചത്. ഈ കാലയളവിൽ മൂന്ന് കേസുകളെങ്കിലും കോടതികളിൽ പറമ്പുടമകൾ എന്റെ പേരിൽ കൊടുത്തിട്ടുണ്ട്. അവയിൽ ഒന്ന് ഹൈക്കോടതിയിൽ നേരിട്ട് സമർപ്പിച്ചതാണ്. കൊയിലാണ്ടി സർക്ക്ൾ ഇൻസ്പെക്ടറും ബാലുശ്ശേരി എസ്.ഐയും രണ്ടും മൂന്നും പ്രതികളായിരുന്നു. ഇതിനെ സമുദായത്തിലെ ഒരു എം.എൽ.എ മൂല്യക്കാരുടെ റോഡ് എന്ന് പറഞ്ഞ് പരിഹസിക്കുക പോലും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് നീണ്ട മുപ്പത്തഞ്ച് കൊല്ലം പണി പൂർത്തിയാക്കാൻ വേണ്ടി വന്നത്. എത്ര ത്യാഗം സഹിക്കേണ്ടി വന്നിട്ടും, അശ്ലീലങ്ങളും ആഭാസങ്ങളും കേൾക്കേണ്ടി വന്നിട്ടും നാട്ടിലെ സാമാന്യ ജനതയുടെ മനക്കരുത്തിന് മുമ്പിൽ അതൊക്കെ ദൈവാനുഗ്രഹത്താൽ പരാജയപ്പെടുകയാണുണ്ടായത്.

1955-ൽ നിലവിൽവന്ന ബഹിഷ്കരണ കാലത്ത് നാട്ടിലെ അവശരുടെയും അധഃസ്ഥിതരുടെയും പ്രശ്നങ്ങളിൽ പ്രസ്ഥാന പ്രവർത്തകർ പ്രത്യേകം ശ്രദ്ധ ചെലുത്തുകയുണ്ടായി. വിധവകൾക്കും വാർധക്യം ബാധിച്ചവർക്കും അംഗവൈകല്യം വന്ന



**ജമാഅത്തുകാരെ ബഹിഷ്കരിക്കാൻ ഒരു വിഭാഗം തുനിഞ്ഞിറങ്ങിയതിന്റെ ഫലമായി ഉടലെടുത്തതാണ് സാധു സംരക്ഷണ ഫണ്ട്. അതിൽനിന്നാണ് റോഡ് നിർമാണ സമിതി ഉണ്ടായത്. ഇതിനെല്ലാം നേതൃത്വം കൊടുത്തതും കാര്യമായി പ്രവർത്തിച്ചതുമെല്ലാം ജമാഅത്ത് പ്രവർത്തകർ തന്നെയായിരുന്നു.**

● എം.കെ മുഹമ്മദലി

വർക്കും പെൻഷൻ വാങ്ങിക്കൊടുക്കുകയും, തൊഴിലില്ലാത്തവർക്ക് അറിയുന്ന പണി ചെയ്യുന്നതിന് പണിയായുധങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ശിവപുരത്തിന്റെ ചരിത്രത്തിൽ ആദ്യമായി വിധവാ പെൻഷനും വികലാംഗ പെൻഷനും വാർധക്യകാല പെൻഷനും വാങ്ങുന്നവരുണ്ടായി. ഞങ്ങളെ നോക്കുക പോലും ചെയ്യാത്ത മഹല്ലു നേതാക്കളുടെ രോഗശയ്യക്കടുത്തും ഞങ്ങൾ ശുശ്രൂഷക്കായി എത്തിയിരുന്നു.

അക്കാലത്ത് വട്ടോളി ബസാർ കേന്ദ്രമാക്കി ഒരു പലിശരഹിത നിധിക്ക് രൂപംനൽകുക വഴി രോഗികൾ, നിർധനർ, അവശർ എന്നിവർക്കായി സാമ്പത്തിക സഹായം നൽകി അവരുടെ അവശതക്കു പരിഹാരം കാണാൻ ശിവപുരം ജമാഅത്തു പ്രവർത്തകർ ശ്രമിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയാണ് ശിവപുരത്ത് ഇന്നും പ്രവർത്തിക്കുന്ന വെൽഫെയർ സൊസൈറ്റി. അതിന്റെ പ്രവർത്തന ഫലമായി ജാതിമത ഭേദമന്യേ നാട്ടിലും അയൽ നാടുകളിലും നിരവധി വ്യക്തികൾക്കും കുടുംബത്തിനും വീടു നിർമിച്ചു കൊടുക്കാനും ഓലപ്പുരകൾ ഓടുമേയുന്നതിനും കക്കൂസുകൾ ഇല്ലാത്തവർക്ക് അതുണ്ടാക്കി കൊടുക്കാനും സാധിച്ചിട്ടുണ്ട്.

ബഹിഷ്കരണം പ്രസ്ഥാനപ്രവർത്തകരെ ഒരിരിപ്പിടത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി. ഞങ്ങൾ വാരാന്ത യോഗങ്ങൾ ചേർന്നിരുന്നത് പലപ്പോഴും ആളൊഴിഞ്ഞ പ്രദേശത്ത് പല സ്ഥലത്തുമായിട്ടായിരുന്നു. സുരക്ഷിതമായ ഒരു സ്ഥലം ഞങ്ങൾക്കുണ്ടായിരുന്നില്ല. ഭയത്തോടുകൂടിയല്ലാതെ ഒരു യോഗവും നടന്നിട്ടില്ല. യോഗം ആക്രമിക്കപ്പെടുമെന്ന് ഉറപ്പായാൽ ഞങ്ങൾ വേഗം സ്ഥലം വിടും. പലപ്പോഴും നാലു മൂലകളിൽ തറക്കാനുള്ള കാലുകളും ഒരു ഡബിൾ ദോത്തിയും കരുതിയിരുന്നു. നാലുമൂലക്കും കാൽനാട്ടി അതിന്മേൽ ഡബിൾ ദോത്തി നിവർത്തിയിട്ട് അതിന്റെ ചുവട്ടിൽ ആയിരുന്നു യോഗം.

ഒരിക്കൽ എന്റെ ഭാര്യാപിതാവിനെ സമീപിച്ച് അദ്ദേഹത്തിന് ഞങ്ങളുടെ പ്രദേശത്തുണ്ടായിരുന്ന പറമ്പിൽ ഒരു ഓഫീസിന്നായി തൽക്കാലത്തേക്ക് കുറച്ചുസ്ഥലം

ചോദിച്ചു. അദ്ദേഹത്തിന്റെ സമ്മതത്തോടെ അടുത്ത ദിവസം പ്രസ്ഥാന പ്രവർത്തകർ ഓലമേയാൻ പറ്റിയ ഒരു കൊച്ചു ഓഫീസിനു വേണ്ടി പണി തുടങ്ങി. കാലെല്ലാം നാട്ടി അലകു കെട്ടുന്ന തിരക്കിലായിരുന്നു ഞങ്ങൾ. അപ്പോഴാണ് എന്റെ പിതൃവ്യന്മാരിൽ ഒരാളും ഏതാനും കൂട്ടാളികളും കൂടി വന്ന് ഞങ്ങൾ നാട്ടിയ കാലുകളും അലകുകളുമെല്ലാം പറിച്ചെറിഞ്ഞത്. ഞങ്ങൾ നിശ്ശബ്ദരും ദുഃഖിതരുമായി സ്ഥലം വിട്ടു.

പിന്നീട് ഞങ്ങൾ വളരെ രഹസ്യമായി കുറച്ചുഭൂമി പണംകൊടുത്തു വാങ്ങി. പ്രസ്ഥാന പ്രവർത്തകരിൽ ഒരു തലമുതിർന്ന വ്യക്തിയുടെ പേരിലായിരുന്നു സ്ഥലം രജിസ്റ്റർ ചെയ്തിരുന്നത്. നിർഭാഗ്യകരമെന്നു പറയട്ടെ, അദ്ദേഹത്തിന്റെ മക്കളിൽ മൂത്തയാൾ അന്ന് പ്രസ്ഥാന വൈരിയായിരുന്നു. അതുകൊണ്ട് ആ സ്ഥലവും ഞങ്ങൾക്കു നഷ്ടപ്പെടുകയാണുണ്ടായത്. തുടർന്ന് ബാലുശ്ശേരിക്കാരനായ ഒരാൾക്ക് ഈ പ്രദേശത്തുണ്ടായിരുന്ന സ്ഥലം രഹസ്യമായി കച്ചവടം ചെയ്തു. അന്നു നേതൃത്വത്തിലുള്ള വ്യക്തികളുടെ പേരിൽ കൂട്ടായി രജിസ്റ്റർ ചെയ്തു. മാസങ്ങൾക്കു ശേഷമാണ് സംഗതി പുറത്തറിഞ്ഞത്. അവിടെയാണ് ഇന്ന് നിലവിലുള്ള ഓഫീസ് കെട്ടിടം.

ഞങ്ങൾക്കും ഞങ്ങളോടു ബന്ധപ്പെട്ടവർക്കും ബഹിഷ്കരണകാലത്ത് മദ്റസയിൽ പഠിക്കുന്ന ആറു കുട്ടികളാണ് ഉണ്ടായിരുന്നത്. അന്ന് സ്കൂൾ സമയത്തിനു മുമ്പ് അതേ സ്കൂളിൽ വെച്ചായിരുന്നു മദ്റസാ പഠനം. പ്രത്യേക കെട്ടിടമൊന്നും ഉണ്ടായിരുന്നില്ല. സദർ മുദർരിസായിരുന്ന ടി.കെ കുഞ്ഞഹമ്മദ് നേരത്തെ തന്നെ പുറത്താക്കപ്പെട്ടിരുന്നു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഞങ്ങളുടെ ആറു മക്കളെയും മേലിൽ പഠിപ്പിക്കരുതെന്നു കൽപന ലഭിച്ചതായി (ടി.കെയുടെ ഒഴിവിൽ നിയമനം ലഭിച്ച) അഹമ്മദ് കുട്ടി മൗലവി എന്നെ അറിയിച്ചു. അങ്ങനെ ആറു കുഞ്ഞുങ്ങളും മദ്റസയിൽനിന്ന് നിഷ്കരുണം പുറംതള്ളപ്പെട്ടു. അവരെ പണിതീരാത്ത ഞങ്ങളുടെ ഓഫീസിന്റെ കോലായിൽ ഒരു മറയുണ്ടാക്കി പഠിപ്പിക്കാൻ തുടങ്ങി. ആദ്യത്തെ രണ്ടുകൊല്ലം ഈയുള്ളവനും തുടർന്ന് രണ്ടു കൊല്ലത്തോളം പി.സി ഉസ്മാനും കെ.ടി ഹുസൈനും (രണ്ടുപേരും പുളിക്കൽ കോളേജിൽനിന്ന് ജമാഅത്ത് അനുഭാവികളായതിന്റെ പേരിൽ പുറത്താക്കപ്പെട്ടവർ) ആണ് പഠിപ്പിച്ചിരുന്നത്.

ആ മദ്റസ വളർന്നാണ് ശിവപുരം ഇസ്‌ലാമിയാ കോളേജായിത്തീർന്നത്. ഒട്ടേറെ പ്രാപ്തരായ വ്യക്തികളെ സംഭാവന ചെയ്യാൻ ഈ സ്ഥാപനത്തിന് സാധിക്കുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലിയും പ്രഭാഷകനായ എം.എം മുഹ്‌യിദ്ദീനും സ്ഥാപനത്തിന്റെ സംഭാവനകളാണ്. ■

(അവസാനിച്ചു)